(സി) വാഗണുകൾ അനുവദിച്ചുകിട്ടുവാൻ ഗവൺമെൻറ് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. റ്റി. എസ്. ജോൺ):

(എ, ബി, സി) വേണ്ടത്രം വാഗണുകൾ ലഭിക്കാൻ 15 ദിവസം വരെ കാലതാമസം നേരിടുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഗണുകൾ സമയത്ത് ലഭിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യണമെന്ന് ദക്ഷിണ റെയിൽവേ ജനറൽ മാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തുറന്ന ജയിലുകൾ

* 566 [602] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര തുറന്ന ജയിലുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി 'തുറന്ന ജയിലുകൾ' ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇപ്പോഴുള്ള തുറന്ന ജയിലിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് ഗവൺമെൻറ് കരുതുന്നുണ്ടോ;

(ഡി) തിരുവനന്തപുരം നെട്ടുകാൽത്തേരി തുറന്ന ജയിലിലെ തടവുകാരെക്കൊണ്ട് കൃഷിപ്പണി ചെയ്യിപ്പിച്ച് പ്രതിവർഷം എത്ര രൂപ ആദായം ഉണ്ടാക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ തടവുകാർക്കു നൽകുന്ന പ്രതിഫലം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഒന്ന്.

(ബി) ഉദ്ദേശിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) 1977-78-ൽ 4,77,928 രൂപ 60 പൈസ ആദായമായി ലഭിച്ചിട്ടുണ്ട്.

(ഇ) അടുത്തകാലത്താണ് തടവുകാരുടെ പ്രതിഫലം വർദ്ധിപ്പിച്ചത്. അതിനാൽ അത് ഉടനെ വർദ്ധിപ്പിക്കേണ്ട ആവശ്യമുണ്ടെന്ന് ഗവൺമെൻറ് കരുതുന്നില്ല.

ജയിലുകളിൽനിന്നും ഡിഗ്രി കോഴ്സിനു ചേർന്നു പഠിക്കാൻ അനുവദിച്ചിട്ടുള്ള തടവുകാർ

* 567 [603] ശ്രീ. പി. ഭാസ്കരൻ:

,, ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിലെ ജയിലുകളിൽനിന്നും ഡിഗ്രികോഴ്സിനു ചേർന്നു പഠിക്കാൻ എത്ര തടവുകാരെ ഇതിനകം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഡിഗ്രികോഴ്സിനു പഠിച്ച കാലയളവ് ഈ തടവുകാർക്ക് ശിക്ഷയിൽനിന്ന് ഇളവു ചെയ്തുകൊടുക്കുമോ;

(സി) ഇങ്ങനെ ഡിഗ്രി എടുത്ത തടവുകാരെ ഏതെങ്കിലും പ്രൊഫഷണൽ കോഴ്സിനു തുടർന്നു പഠിക്കാൻ അനുവദിക്കുന്നതിനു നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തുമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഒരാൾ

(ബി) ഇപ്പോൾ അതിനു നിയമം അനുവദിക്കുന്നില്ല.

(സി) അതിനായി നിയമം ഭേദഗതി ചെയ്യേണ്ട ആവശ്യമില്ല. നിലവിലുള്ള നിയമം അതും അനുവദിക്കുന്നുണ്ട്.

പോലീസ് ക്വാർട്ടേഴ്സ്

* 568 [604] ശ്രീ. കണിയാപുരം രാമചന്ദ്രൻ:

,, കെ.ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് ക്വാർട്ടേഴ്സ് നിർമ്മിച്ചിട്ടുണ്ട്;

(ബി) പോലീസ് ക്വാർട്ടേഴ്സ് ഇല്ലാത്ത പോലീസ് സ്റ്റേഷനുകളുണ്ടോ;

(സി) സംസ്ഥാനപോലീസ് സേനയിൽ എത്രപേർ അവർക്കു വേണ്ടി ഉണ്ടാക്കിയ ക്വാർട്ടേഴ്സിൽ താമസിക്കുന്നു;

(ഡി) ഈ സാമ്പത്തികവർഷത്തിൽ ഏതെങ്കിലും ക്വാർട്ടേഴ്സിന്റെ പണി ആരംഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എവിടെയെല്ലാം?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) 180

(ബി) ഉണ്ട്.

(സി) 9503
(ബാരക്സ് ഉൾപ്പെടെ)

(ഡി) ഉണ്ട്.

(ഇ) പുതുശ്ശേരി കസ്ബാ, വണ്ടൻമേട്, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ.

പബ്ലിക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുപ്പ് പരിഷ്ക്കരണം

* 569 [605] ശ്രീ. വി.ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുപ്പ് ലഘൂകരിക്കുവാൻ എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly